**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5350** **12-08-2021 - ൽ മറുപടിയ്ക്ക്**

**റീവാമ്പ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. വാഴൂർ സോമൻ,<br>ശ്രീ. സി.സി. മുകുന്ദൻ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വൈദ്യുതി വിതരണ മേഖലയുടെ നവീകരണം ലക്ഷ്യമാക്കി കേന്ദ്ര സർക്കാർ ആർ.ഡി.എസ്.എസ്. (റീവാമ്പ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം) പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. വൈദ്യുതി വിതരണ മേഖലയുടെ വികസനവും നവീകരണം ലക്ഷ്യമാക്കി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പുതിയ പദ്ധതിയാണ് ആർ. ഡി. എസ്. എസ്. (റീവാമ്പ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം). ഗുണമേന്മയുള്ള 24x7 വൈദ്യുതിയും ഊർജ്ജ മേഖലയുടെ സാമ്പത്തിക സുസ്ഥിരതയും, മെച്ചപ്പെട്ട കാര്യക്ഷമതയും വിശ്വാസ്യതയും, പ്രസ്തുത പദ്ധതി ലക്ഷ്യമിടുന്നു. |
| (ബി) | പദ്ധതിയുടെ വിശദമായ മാർഗ്ഗരേഖ സംസ്ഥാനത്തിനു ലഭിച്ചിട്ടുണ്ടോ; പദ്ധതിയുടെ കരട് മാർഗ്ഗരേഖ പ്രകാരം എന്തെല്ലാം പ്രവർത്തന ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; വ്യക്തമാക്കാമോ; | (ബി) | പദ്ധതിയുടെ വിശദമായ മാർഗ്ഗരേഖ ലഭിച്ചിട്ടുണ്ട്. ലഭ്യമായ മാർഗ്ഗരേഖ പ്രകാരം താഴെ പറയുന്ന ഘടകങ്ങൾ പ്രസ്തുത RDSS പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. പാർട്ട് A - മീറ്ററിങ്, വിതരണ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനം എന്നിവ ഉൾപ്പെടുന്ന പ്രവൃത്തികൾ ഇതിൽ മീറ്ററിംഗ് ഘടകത്തിൽ എല്ലാ വിഭാഗത്തിലുമുള്ള ഉപഭോക്താക്കൾക്കുള്ള സ്മാർട്ട് മീറ്ററിംഗ്, ഫീഡർ, ട്രാൻസ്ഫോർമർ എന്നിവയ്ക്ക് AMI Communicable മീറ്റർ തുടങ്ങിയ പ്രവൃത്തികൾ ഉൾപ്പെട്ടിരിക്കുന്നു. ഊർജ്ജ നഷ്ടം കുറയ്ക്കുന്നതിനുള്ള പ്രവൃത്തികളും, ഉപ-പ്രസരണ, വിതരണരംഗം നവീകരണത്തിനും ശക്തിപ്പെടുത്തുന്നതിനും, ആധുനികവൽക്കരിക്കു ന്നതിനുമുള്ള പ്രവൃത്തികളും ഇതിൽ ഉൾപ്പെട്ടിരിക്കുന്നു. പാർട്ട് B - പരിശീലനം, മാനവ-വിഭവ ശേഷി വർദ്ധിപ്പിക്കൽ തുടങ്ങി മറ്റ് പദ്ധതിയെ പിന്തുണയ്ക്കുന്ന പ്രവർത്തനങ്ങൾ. |
| (സി) | വൈദ്യുതി വിതരണ മേഖലയിൽ മെച്ചപ്പെട്ട സേവനങ്ങൾ ഉറപ്പുവരുത്തുന്നതിനായി ആരംഭിച്ച സർവ്വീസ് അറ്റ് ഡോർ സ്റ്റെപ്പ് എന്ന പദ്ധതി വിപുലീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) | പൊതുജനങ്ങൾക്ക് സുരക്ഷിതമായ രീതിയിൽ വൈദ്യുതി സംബന്ധമായ സേവനങ്ങൾ (പുതിയ വൈദ്യുതി കണക്ഷൻ ലഭിക്കാനും, ഉടമസ്ഥാവ കാശമാറ്റം കണക്ടഡ് ലോഡ്/ കോൺട്രാക്ട് ലോഡ് മാറ്റം, താരിഫ് മാറ്റം, വൈദ്യുതി ലൈൻ / മീറ്റർ മാറ്റി |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുക തുടങ്ങിയവ) നൽകുന്നതിനായി ആരംഭിച്ച 'സേവനം വാതിൽപ്പടിയിൽ' (Service at Door Steps) എന്ന പദ്ധതി ഇപ്പോൾ കേരളത്തിലെ 425 സെക്ഷൻ ഓഫീസുകളിൽ വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. ഇത് എല്ലാ സെക്ഷൻ ഓഫീസുകളിലേക്കും പൂർണ്ണതോതിൽ വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | വൈദ്യുതി തടസ്സം പരമാവധി പരിഹരിക്കുന്നതിനായി നിരീക്ഷണ, നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | വിതരണ മേഖലയിലെ എച്ച്.റ്റി. ലൈനുകളിലെ കമ്പി പൊട്ടി വീഴുന്നതു മൂലമോ ഇൻസുലേറ്റർ തകരാറിലാവുന്നതു കൊണ്ടോ വൈദ്യുതി തടസ്സം ഉണ്ടാവുകയാണെങ്കിൽ തകരാറുണ്ടായ സ്ഥലം ഉടനടി അറിയുന്നതിനായി കമ്മ്യൂണിക്കേറ്റിംഗ് ഫോൾട്ട് പാസ് ഡിറ്റക്ടർ (CFPD) എന്ന ഉപകരണം സ്ഥാപിക്കുന്ന പ്രവൃത്തി നടപ്പിലാക്കി വരുന്നു. ഇത് ഒരു GSM നെറ്റ് വർക്ക് അധിഷ്ഠിത സാങ്കേതിക വിദ്യയാണ്. 11 കെ.വി, 33 കെ.വി വൈദ്യുത വിതരണ ലൈനുകളിൽ ഉണ്ടാകുന്ന തകരാറുകൾ പെട്ടെന്നു കണ്ടുപിടിച്ച് വിവരം ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ എസ്.എം.എസ് മൂലവും തകരാർ ഉണ്ടായ സ്ഥലം GIS മാപ് വഴിയും അറിയിച്ച് പ്രശ്ന പരിഹാരം വേഗത്തിൽ ആക്കാൻ സഹായിക്കുന്ന നൂതന സംവിധാനമാണിത്. ഇതുവരെ 7400 എണ്ണം (11കെ.വി – 7250 + 33 കെ.വി – 150) Communicable Fault Pass Detector സ്ഥാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ